3. 4-ാം മൈൽ എ.എ.റോഡ് (ch.1/000 to 2/000) അഭിവൃദ്ധിപ്പെടുത്തൽ.

4. ഭൂമി ഏറ്റെടുത്ത് വേങ്ങൂർ-നായത്തോട് റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തൽ.

(ബി & സി) അനുബന്ധം-I ൽ ചേർത്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഹൈവേകളിലെ തെരുവുവെളിച്ചം

277 (1311) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്റ്റേറ്റ്/നാഷണൽ ഹൈവേകളുടെ പാർശ്വങ്ങളിലുള്ള തെരുവുവെളിച്ചം കുമികരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേടുവന്ന ലൈറ്റുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 15-9-2011-ലെ പരിപത്രം നമ്പർ 3055/ഡിഎ 3/2011/ത.സ്വ.ഭ.വ. പ്രകാരം കേടുവന്ന തെരുവു വിളക്കുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമുള്ള അധികാരം പൂർണ്ണമായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം ആവശ്യമായ എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തെരുവു വിളക്കുകൾ സ്ഥാപിച്ചു നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly